**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.150*** 02.07.2015-ൽ മറുപടി പറയേണ്ടത്

## ത്രിതല പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | ശ്രീ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ത്രിതല പഞ്ചായത്തുകളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ അവലോകനം നടത്തി, കൂടുതൽ ജനോപകാരപ്രദമായ രീതിയിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) | ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ നിരന്തരമായ വിലയിരുത്തലിനു വിധേയമാണ്. ത്രിതല പഞ്ചായത്തുകൾ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുന്നതിനു വിശദമായ മാർഗ്ഗരേഖ സർക്കാർ നിശ്ചയിച്ചു നൽകുന്നു. പദ്ധതി നടത്തിപ്പ് ഫലപ്രദമാക്കുന്നതിനു വേണ്ടി ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും കാലാകാലങ്ങളിൽ കില (KILA) യുടെ നേതൃത്വത്തിൽ പരിശീലനം നൽകി വരുന്നു. പദ്ധതി നടത്തിപ്പിലുണ്ടായേക്കാവുന്ന പാകപ്പിഴകൾ സമയാസമയങ്ങളിൽ ചൂണ്ടിക്കാണിക്കുന്നതിന് പെർഫോമൻസ് ഓഡിറ്റ് സംവിധാനം സഹായകരമാകുന്നു. 2013-14 കാലഘട്ടത്തിലെ പദ്ധതി നടത്തിപ്പ് ഒരു സ്പെഷ്യൽ ഓഡിറ്റ് മുഖാന്തിരം വിശദമായ വിലയിരുത്തലിനു വിധേയമാക്കുകയുണ്ടായി. പ്രസ്തുത ഓഡിറ്റിന്റെ അന്തിമ റിപ്പോർട്ട് കിലയിൽ തയ്യാറാക്കി വരുന്നു. |
| ബി) | പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണം, ആനുകൂല്യങ്ങളുടെ വിതരണം എന്നിവ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ്, പദ്ധതിനിർവ്വഹണം സംബന്ധിച്ച ബുക്ക് ലെറ്റ് ഗ്രാമസഭയിൽ സമർപ്പിക്കൽ, സർപ്രൈസ് ഇൻസ്പെക്ഷൻ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുമോ ? | ബി) | 21.12.2010-ലെ സ.ഉ.(കൈ)നം.305/2010/ തസ്വഭവ നം. ഉത്തരവു പ്രകാരം സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് സംവിധാനം നിലവിൽ വരികയുണ്ടായി. 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ നിയമ പ്രകാരം, ഗ്രാമ പഞ്ചായത്ത് നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിനു |

| | | | |
|---|---|---|---|
| | | | വിധേയമാക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ ഒരു സോഷ്യൽ ഓഡിറ്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് കാര്യക്ഷമമാക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി കഴിഞ്ഞു. പദ്ധതി നിർവ്വഹണം സംബന്ധിച്ച ബുക്ക്‌ലെറ്റ് ഗ്രാമസഭയിൽ അവതരിപ്പിക്കുന്നുണ്ട്. പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തുകളിലും പെർഫോമൻസ് ഓഡിറ്റ് മാസത്തിലൊരിക്കൽ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**